## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 548

05.07.2013-ൽ
മറുപടി നൽകേണ്ടത്

## പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങൾ

**ചോദ്യം**

ശ്രീ.കെ.രാജു
ശ്രീ.സി.ദിവാകരൻ
ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീ.ഇ.കെ.വിജയൻ

(എ) പാട്ടക്കരാർ ലംഘിച്ച എത്ര തോട്ടങ്ങളുണ്ട്; അവ ഏതെല്ലാം;

(ബി) പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) നിലവിൽ റവന്യൂ ഭൂമി പാട്ടത്തിനു നൽകിയിരിക്കുന്ന ഭൂമികളിൽ പാട്ടക്കരാർ ലംഘനം നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ ഉടമസ്ഥതയിലുള്ള മേൽ വിസ്തീർണ്ണത്തിൽ കൂടുതൽ വിസ്തീർണ്ണമുള്ള നിരവധി തോട്ടങ്ങൾ ഹാരിസൺ മലയാളം ലിമിറ്റഡ് പോലുള്ള കമ്പനികൾ അനധികൃതമായി കൈവശം വച്ചുവരുന്നുണ്ട്.

ഫോറസ്റ്റ് ലീസ് ഇനത്തിൽ മാത്രം പാട്ടക്കരാർ ലംഘിച്ച 42 തോട്ടങ്ങളുണ്ട്. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്. സർക്കാരിന്റെ പൊതു ആവശ്യത്തിന് നിലവിൽ അടിയന്തിര ആവശ്യമില്ലാത്തതും എന്നാൽ ഭാവിയിൽ ആവശ്യത്തിന് ഉപയോഗിക്കാവുന്നതുമായ ഭൂമികളാണ് പാട്ടത്തിനു നൽകി വരുന്നത്. പാട്ടം നൽകുമ്പോഴും സർക്കാർ താൽപര്യം സംരക്ഷിക്കുന്നതിന് മുൻഗണന നൽകിക്കൊണ്ടാണ് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്. ഈ മാനദണ്ഡങ്ങളിൽ ഏതെങ്കിലും ലംഘിക്കപ്പെടുന്ന പക്ഷം ആയതു പാട്ടക്കരാർ ലംഘനമായി കണക്കാക്കി ഏറ്റെടുക്കൽ നടപടികളിലേയ്ക്ക് നീങ്ങുകയും ചെയ്യാറുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

### I. സർക്കാർ തിരിച്ചെടുത്തത്.

| ക്രമ നം. | തോട്ടത്തിന്റെ പേര് | വിസ്തീർണ്ണം ഏക്കറിൽ | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| 1 | ബിയാട്രീസ് | 246.26 | 31.05.02 ന് തോട്ടം സർക്കാരിലേയ്ക്ക് ഏറ്റെടുത്തു |
| 2-06 | മീരാഫ്ളോറൻസ് (5 എണ്ണം) | 486.63 | 27.06.11 ന് സർക്കാരിലേയ്ക്ക് ഏറ്റെടുത്തു |
| **II.** | **സർക്കാരിലേക്ക് തിരിച്ചെടുക്കാനുള്ളത്.** | | |
| 1 | ചെറുനെല്ലി ലോവർ | 278.08 | സർക്കാരിലേയ്ക്ക് ഏറ്റെടുക്കുവാൻ ഉത്തരവായെങ്കിലും കോടതി സ്റ്റേ നിലവിലുള്ളതിനാൽ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. |
| 2 | രാജാക്കാട് | 288.85 | |
| 3 | മോങ്കുവുഡ് | 232.82 | |
| 4 | ഹാരിസൺ മലയാളം മുപ്പിളിവാലി എസ്റ്റേറ്റ് | 4896.65 | |
| 5 | ബിയാട്രീസ് | 33.68 | തോട്ടം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു |
| 6 | ബ്രൂക്ക്ലാന്റ് | 250 | |
| 7-14 | അലക്സാണ്ട്രിയ (എ) 8 ബിറ്റ് | 250 | |
| 15-20 | അലക്സാണ്ട്രിയ (ബി) 6 ബിറ്റ് | 251.75 | |
| 21 | ചന്ദ്രമല (ചന്ദ്രമല) | 186.06 | |
| 22 | കുമ്പളക്കോട് (ചന്ദ്രമല) | 306.55 | |
| 23 | കോട്ടങ്ങാടി (ചന്ദ്രമല) | 305.56 | |
| 24 | ചന്ദ്രമല (ചന്ദ്രമല) | 9.00 | |
| 25 | പുലയംപാറ (ചന്ദ്രമല) | 1.27 | |
| 26 | ചന്ദ്രമല (ചന്ദ്രമല) | 0.11 | |
| 27 | കാരപ്പാറ - എ | 541.29 | |
| 28 | കാരപ്പാറ - ബി | 577.20 | |
| 29 | മണലാരു | 621.59 | |
| 30 | പോത്തുപാറ | 150.49 | |
| 31 | ലില്ലി | 213.58 | |
| 32 | കരടിമല | 272.78 | |
| 33 | മോകുവുഡ് | 65.23 | |
| 34 | മണലാരു | 609.93 | |
| 35 | വിക്ടോറിയ | 619.45 | |
| 36 | പെരുമ്പാറ | 86.94 | തോട്ടത്തിന്റെ കൈവശക്കാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ തൃശ്ശൂർ ഫോറസ്റ്റ് കൺസർവേറ്റർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ